compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 28
**Tuesday, 28th July 2026**

1201 കർക്കടകം 12
**12th Karkadakam 1201**

1948 ശ്രാവണം 6
**6th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ / **No.** **30**

## Part III

## Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## എറണാകുളം മത്സ്യവകുപ്പ് സഹകരണ സംഘം രജിസ്ട്രാറുടെ [ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല)] നടപടിക്രമം

(ഹാജർ: ഡോ. ആശ അഗസ്റ്റിൻ)

(1)

നമ്പർ JDFEKM/135/2025-C2. 2026 മേയ് 25.

വിഷയം:— ഫിഷറീസ്—സഹകരണം—കൊച്ചിൻ സിറ്റി ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്(ഇ) 23/88/സി ഇസഡ് വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:— (1) ഫിഷറീസ് ഡയറക്ടറുടെ 20-8-2020-ലെ DFTVM/2022/2020-F3 നമ്പർ കത്ത്.

(2) ഈ ഓഫീസിലെ 24-12-2021-ലെ സി2/1055/2020(5)-ാം നമ്പർ ഉത്തരവ്.

(3) സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ യൂണിറ്റ് IV എറണാകുളത്തിന്റെ 24-4-2025-ലെ SCI/Unit-4/23/2025 നമ്പർ കത്ത്.

(4) ഈ ഓഫീസിലെ 27-6-2025-ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

ദീർഘകാലമായി പ്രവർത്തന രഹിതമായ കൊച്ചിൻ സിറ്റി ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (ഇ) 23/88 സിഇസഡ് പരാമർശം (1)-ന്റെ അടിസ്ഥനത്തിൽ സഹകരണ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സീനിയർ കോ-ഓപ്പറേറ്റീവ്, ഇൻസ്പെക്ടർ യൂണിറ്റ് IV എറണാകുളത്തിനെ പരാമർശം (2) പ്രകാരം നിയോഗിച്ചതനുസരിച്ച് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മത്സ്യഫെഡിൽ ₹ 37,80,000 കുടിശ്ശികയും അക്കൗണ്ട് നമ്പർ എസ്.ബി.ടി.എ.സി നമ്പർ 67205832065-ൽ ₹ 1,695 നീക്കിയിരിപ്പുണ്ടെന്നും ടി സംഘം തുടർന്ന് പ്രവർത്തിക്കുന്നതിന് സാധ്യതകളോ സാഹചര്യങ്ങളോ ഇല്ലാത്തതാണെന്നും ബൈലോയിൽ പറയുന്ന പ്രവർത്തന പരിധിയിൽ സംഘത്തിന് സ്വന്തമായി ഓഫീസ് ഇല്ലെന്നും സംഘാംഗങ്ങളിൽ ആർക്കും തന്നെ സംഘം പ്രവർത്തനസജ്ജമായി മുന്നോട്ടുകൊണ്ടുപോകാൻ താൽപ്പര്യമില്ലെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം ശ്രീമതി ബിന്ദുമോൾ. എം. ഡി. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ യൂണിറ്റ് IV എറണാകുളത്തിനെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ് ഏറ്റെടുക്കേണ്ടതും ചാർജെടുത്ത തീയതിയിലെ ബാക്കി പത്രം, ചാർജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതും സഹകരണ നിയമം, ചട്ടം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്. ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുവാനുള്ള ഉത്തരവിനായി കാലതാമസം കൂടാതെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JDFEKM/66/2024-C2. 2026 മേയ് 25.

വിഷയം:— ഫിഷറീസ്—സഹകരണം—സൗത്ത് കുമ്പളങ്ങി ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എഫ് (ഇ) 45/96/സിഇസഡിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:— (1) ഫിഷറീസ് ഡയറക്ടറുടെ 20-5-2022-ലെ DFTVM/2022/20201055/2020-F3 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 16-11-2001-ലെ സി2/70/2000 നമ്പർ ഉത്തരവ്.

(3) സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ യൂണിറ്റ് IV എറണാകുളത്തിന്റെ 16-6-2025-ലെ SCI/Unit-IV/45/2024 നമ്പർ കത്ത്.

(4) ഈ ഓഫീസിലെ 19-12-2025, 23-2-2026-ലെ ഇതേ നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ സൗത്ത് കുമ്പളങ്ങി ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എഫ് (ഇ) 45/96/സി ഇസഡ് സംഘം നിർജ്ജീവമായതിനെ തുടർന്ന് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിനും 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ഇതിനായി സംഘത്തിൽ ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ടി സംഘത്തിൽ ബൈലോയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യാതൊരുവിധ പ്രവർത്തനങ്ങളും നടന്നുവരുന്നില്ലെന്നും സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഇപ്രകാരം ഒരോഫീസോ സംഘത്തിന്റേതായ ആസ്തികളോ രേഖകളോ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സംഘ തുടർന്ന് പ്രവർത്തിപ്പിക്കാൻ സംഘാംഗങ്ങൾക്ക് ആർക്കും താല്പര്യമില്ലെന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ KCS Act വകുപ്പ് 74 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, യൂണിറ്റ്-IV എറണാകുളം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് എറണാകുളം ജില്ലയിലെ സൗത്ത് കുമ്പളങ്ങി ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എഫ് (ഇ) 45/96/ സി ഇസഡ് സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവിന് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും ഈ വിവരം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

(ഒപ്പ്)

ഫിഷറീസ് ജോയിന്റ് ഡയറക്ടർ,
(മദ്ധ്യമേഖല) എറണാകുളം &
മത്സ്യ വകുപ്പ് സഹകരണ
സംഘം രജിസ്ട്രാർ.

ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
(മദ്ധ്യമേഖല), എറണാകുളം-682 018.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.28 03:51:06 +05:30